**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6320** **10-11-2021 - ൽ മറുപടിയ്ക്ക്**

**ഉത്തരവാദിത്ത ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി യു പ്രതിഭ ,<br>ശ്രീ ഐ ബി സതീഷ്,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ഉത്തരവാദിത്ത ടൂറിസം പദ്ധതി വിനോദ സഞ്ചാര മേഖലയിൽ എന്തെല്ലാം മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | പ്രാദേശിക ജനസമൂഹത്തിന് യാതൊരു വിധ പങ്കാളിത്തവും ഇല്ലാതിരുന്ന നമ്മുടെ ടൂറിസം മേഖലയിൽ പ്രാദേശിക ജനപങ്കാളിത്തം ഉറപ്പ വരുത്തുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഉത്തരവാദിത്ത ടൂറിസം മിഷൻ പദ്ധതികളിലൂടെ നടപ്പിലാക്കുന്നത്. 2008 ൽ സംസ്ഥാനത്ത് പരീക്ഷണാടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത ഏതാനും കേന്ദ്രങ്ങളിൽ ആരംഭിച്ച ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ സംസ്ഥാന വ്യാപകമാക്കുകയും, സംസ്ഥാനത്തെ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി 2017-ൽ ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിക്കുകയും ചെയ്തു. ചെറുതും വലുതുമായ ഉത്തരവാദിത്ത ടൂറിസം അവബോധ ശില്പശാലകൾ, പരിശീലനങ്ങൾ, യൂണിറ്റ് രൂപീകരണം, അവയുടെ ഓൺലൈൻ രജിസ്ട്രേഷൻ, ടൂറിസം മേഖലയുമായി ബന്ധപ്പെടുത്തൽ, വിവിധ എക്സ്പീരിയൻസ് ടൂർ പാക്കേജുകളുടെ രൂപീകരണം, അവയുടെ മാർക്കറ്റിംഗും പ്രൊമോഷനും എന്നിങ്ങനെയുള്ള വിവിധ പ്രവർത്തനങ്ങളും ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന നടത്തി വരുന്നു. മിഷന്റെ ഈ പ്രവർത്തനങ്ങളിലൂടെ പ്രാദേശിക സമൂഹവും ടൂറിസം വ്യവസായവും പരസ്പര സഹകരണത്തിൽ മുന്നോട്ടു പോകുകയും ചെയ്യുന്നു. ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനം മൂലം നിരവധി ചെറു ടൂറിസം കേന്ദ്രങ്ങളും, വൈവിധ്യമാർന്ന പുതിയ ടൂറിസം പാക്കേജുകൾ/ഉൽപ്പന്നങ്ങൾ എന്നിവയും കേരള ടൂറിസം രംഗത്ത് ഉണ്ടാകുന്നതിനു കാരണമായി. കേരളത്തിലെ ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രവർത്തനങ്ങൾ മറ്റു പല സംസ്ഥാനങ്ങൾക്ക് മാതൃക ആകുകയും ചെയ്തിട്ടുണ്ട്. നമ്മുടെ ഗ്രാമീണ ടൂറിസം |

| | | | |
|---|---|---|---|
| | | | സാധ്യതകൾ കണ്ടെത്തി, അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഉത്തരവാദിത്ത ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിനായി പെപ്പർ, മാതൃകാ ഉത്തരവാദിത്ത ടൂറിസം ഗ്രാമങ്ങൾ എന്നിങ്ങനെ വിവിധ പദ്ധതികൾ അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടത്തി വരുന്നു. |
| (ബി) | ഉത്തരവാദിത്ത ടൂറിസം പ്രാവർത്തികമാക്കുന്നതിനും പ്രദേശത്തിന്റെ കലാസാംസ്കാരിക പൈതൃകം സംരക്ഷിക്കുന്നതിനും പൊതു വികാസവും പ്രാഥമിക സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനും പരിപാടിയുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | പ്രാദേശിക ജന സമൂഹത്തെ ടൂറിസം മേഖലയുമായി ബന്ധിപ്പിച്ചുകൊണ്ട് അവർക്ക് അധിക വരുമാനം ലഭ്യമാക്കുക, നമ്മുടെ തനതു സംസ്കാരം, കല, പാരമ്പര്യ തൊഴിലുകൾ, ഉപജീവന മാർഗ്ഗങ്ങൾ, ഭക്ഷണ രീതികൾ എന്നിങ്ങനെയുള്ള അന്യം നിന്ന് പോയിക്കൊണ്ടിരിക്കുന്ന ഗ്രാമീണ ജീവിത രീതികൾ ടൂറിസത്തിലൂടെ സംരക്ഷിക്കുക, അതോടൊപ്പം തന്നെ ടൂറിസ്റ്റുകൾക്ക് അനുഭവവേദ്യമാക്കുക എന്നുള്ള ലക്ഷ്യത്തോടെ വിവിധ എക്സ്പീരിയൻഷ്യൽ ടൂറിസം പാക്കേജുകൾ, ആർട്ടിസ്റ്റ് നെറ്റ്‌വർക്ക്, എക്പീരിയൻസ് എത്തിക് ക്യുസീൻ നെറ്റ്‌വർക്ക് ഉൾപ്പെടെ വിവിധ പ്രവർത്തനങ്ങൾ ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന നടത്തി വരുന്നു. |
| (സി) | ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനത്തെകുറിച്ച് അറിയിക്കാമോ? | (സി) | 2017 ജൂൺ മാസത്തിൽ രൂപീകൃതമായ ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രധാന ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്: 1. പ്രാദേശികമായി വിനോദസഞ്ചാര പ്രവർത്തനങ്ങൾ ആരംഭിക്കുകയും വളർത്തിയെടുക്കുകയും ചെയ്യുക. 2. ടൂറിസം വ്യവസായവുമായി പ്രാദേശിക സമൂഹത്തെ ബന്ധിപ്പിക്കുക. 3. ഉത്തരവാദിത്ത ടൂറിസം ആശയങ്ങൾ പ്രചരിപ്പിക്കുകയും പ്രയോഗവൽക്കരിക്കുന്നതിനു പ്രോത്സാഹനം നൽകുകയും ചെയ്യുക. ചെറുതും വലുതുമായ ഉത്തരവാദിത്ത ടൂറിസം അവബോധ ശില്പശാലകൾ, പരിശീലനങ്ങൾ, യൂണിറ്റ് രൂപീകരണം, അവയുടെ ഓൺലൈൻ രജിസ്ട്രേഷൻ, ടൂറിസം മേഖലയുമായി ബന്ധപ്പെടുത്തൽ, വിവിധ എക്സ്പീരിയൻസ് ടൂർ പാക്കേജുകളുടെ രൂപീകരണം, അവയുടെ മാർക്കറ്റിംങ്ങും പ്രൊമോഷനും എന്നിങ്ങനെയുള്ള വിവിധ പ്രവർത്തനങ്ങളും ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തി വരുന്നു. മിഷന്റെ ഈ പ്രവർത്തനങ്ങളിലൂടെ പ്രാദേശിക സമൂഹവും ടൂറിസം വ്യവസായവും പരസ്പര സഹകരണത്തിൽ മുന്നോട്ടു പോകുകയും ചെയ്യുന്നു. ഉത്തരവാദിത്ത ടൂറിസം മിഷന്റെ കീഴിൽ നിലവിൽ വിവിധ രംഗങ്ങളിൽ പ്രവർത്തിക്കുന്ന 20200 യൂണിറ്റുകൾ ഉണ്ട്, ഇതിലൂടെ ഒരു ലക്ഷത്തിലധികം സാധാരണക്കാരായ ജനങ്ങൾ |

| | | | |
|---|---|---|---|
| | | | ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനങ്ങളിലൂടെ ടൂറിസത്തിന്റെ ഗുണഭോക്താക്കൾ ആയിട്ടുണ്ട്. മിഷന്റെ പെപ്പർ, മാതൃകാ ഉത്തരവാദിത്ത ടൂറിസം ഗ്രാമങ്ങൾ, എന്നീ പദ്ധതികൾ ലോക ശ്രദ്ധയാകർഷിച്ച പങ്കാളിത്ത ടൂറിസം വികസന പ്രവർത്തനത്തിന്റെ ഉത്തമ മാതൃകകളാണ്. മിഷന്റെ വിവിധ എക്സ്പീരിയൻഷ്യൽ ടൂറിസം പാക്കേജുകൾ, എക്സ്പീരിയൻസ് എത്നിക് ക്യുസീൻ നെറ്റ്‌വർക്ക് തുടങ്ങിയ പദ്ധതികളും ദേശീയ, അന്തർദേശീയ ശ്രദ്ധയാകർഷിച്ച പദ്ധതികളാണ്. ഉത്തരവാദിത്ത ടൂറിസം മിഷന്റെ മാതൃകയിൽ തങ്ങളുടെ സംസ്ഥാനത്ത് ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനു മധ്യപ്രദേശ് ടൂറിസം ബോർഡ് കേരള ടൂറിസവുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ